**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1017** **06-02-2023 - ൽ മറുപടിയ്ക്ക്**

**വാളയാർ കനാൽ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ബഡ്ജറ്റിൽ 16 കോടി രൂപ വകയിരുത്തി മലമ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്ന വാളയാർ കനാൽ നവീകരണം ഒന്നാംഘട്ടം എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | **പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (ബി) | ഭരണാനുമതി ലഭിച്ച് 6 മാസം കഴിഞ്ഞിട്ടും പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നാളിതുവരെ ലഭിക്കാത്തതിന്റെ കാരണം അറിയിക്കാമോ; | (ബി) | വാളയാർ കനാൽ നവീകരണ പദ്ധതിയ്ക്കായി സിവിൽ പ്രവൃത്തികളും മെക്കാനിക്കൽ പ്രവൃത്തികളും ഉൾപ്പെടുന്നുണ്ട്. സിവിൽ പ്രവൃത്തികൾ രണ്ടു സെക്ഷനോഫീസുകളുടെ പ്രവർത്തന പരിധിയിൽ ഉൾക്കൊള്ളുന്നതാകയാൽ ഭരണപരമായ സൗകര്യത്തിന് സിവിൽ പ്രവൃത്തികളുടെ മൂന്ന് എസ്റ്റിമേറ്റുകളും മെക്കാനിക്കൽ പ്രവൃത്തിയുടെ ഒരു എസ്റ്റിമേറ്റും തയ്യാറാക്കേണ്ടിവന്നു. സാങ്കേതികാനുമതിക്കായുള്ള പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ പരിഹരിച്ച് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (സി) | 2023 മാർച്ച് ആദ്യ വാരം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ